# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1964 — 12.02.2013-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(എ) കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; ഇതുവരെ പ്രസ്തുത തസ്തികയിലേക്ക് വിവിധ ഘട്ടങ്ങളിലായി എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. താഴെ പറയും പ്രകാരം, വിവിധ ഘട്ടങ്ങളിലായി, ആകെ 75 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| 08.03.2007 | 1 |
| 20.03.2007 | 1 |
| 25.06.2007 | 36 |
| 30.12.2011 | 37 |
| **ആകെ** | **75** |

(സി) ഘട്ടം ഘട്ടം ആയി റിപ്പോർട്ട് ചെയ്ത വേക്കൻസികൾക്കായി പി.എസ്.സി. വീണ്ടും അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്താനുദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ വേക്കൻസികളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി) പി.എസ്.സി. യിൽ നിന്നും അഡ്വൈസ് ലഭിയ്ക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.